(ബി) സെക്യൂരിറ്റി പ്രിന്റിംഗ് പ്രസ്സ്-ഹൈദരാബാദ്, ഇൻഡ്യ സെക്യൂരിറ്റി പ്രസ്സ്-നാസിക് എന്നീ പ്രസ്സുകളിൽ നിന്നും അച്ചടിച്ചുവരുന്ന മുദ്രപത്രങ്ങളാണ് സെൻട്രൽ സ്റ്റാമ്പ് ഡിപ്പോവഴി വിതരണം ചെയ്യുന്നത്.

(സി) ബാധകമല്ല. ഇപ്പോൾ ഉപയോഗത്തിലുള്ള മുദ്രപത്രങ്ങൾ മാത്രമാണ് നിലവിൽ സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ സ്റ്റോക്കുള്ളത്.

(ഡി) റവന്യൂ വകുപ്പിൽനിന്നും ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നില്ല. ട്രഷറി വകുപ്പിലാണ് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നത്.

മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അങ്കണവാടി

180 (1260) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗനവാടി സ്ഥാപിക്കുന്നതിനായി പുനക്കര വില്ലേജിൽ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്ക് ഭൂമി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) മാവേലിക്കര മണ്ഡലത്തിലെ പുനക്കര വില്ലേജിൽ ബ്ലോക്ക് 8-ൽ റീസർവ്വേ നമ്പർ 153/13-ൽപ്പെട്ട 04.05 ആർസ് ഭൂമി സാമൂഹ്യനീതി വകുപ്പിന് 34-ാം നമ്പർ അങ്കണവാടി നിർമ്മിക്കുന്നതിനുള്ള ഭൂമി കൈമാറ്റ റിക്കോർഡുകൾ തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചുവരുന്നതായും, അടിയന്തിരമായി റെക്കോർഡുകൾ സമർപ്പിക്കുവാൻ ചെങ്ങന്നൂർ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നെൽവയൽ ഡേറ്റാബാങ്ക് രൂപീകരണം

181 (1261) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള ഉത്തരവ് പിൻവലിച്ചുകൊണ്ട് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly